**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് എവിടെയെല്ലാമെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ വർക്കല മണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളാണുള്ളത്. കെടാകുളം ഇലക്ട്രിക്കൽ സെക്ഷൻ (ചെമ്മരുതി ഗ്രാമ പഞ്ചായത്ത്), പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ (ചെമ്മരുതി ഗ്രാമ പഞ്ചായത്ത്), വർക്കല ഇലക്ട്രിക്കൽ സെക്ഷൻ (വർക്കല മുനിസിപ്പാലിറ്റി-2), ഇടവ ഇലക്ട്രിക്കൽ സെക്ഷൻ (ഇടവ ഗ്രാമ പഞ്ചായത്ത്), പള്ളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ (നാവായിക്കുളം ഗ്രാമ പഞ്ചായത്ത്). |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ടൂറിസം മേഖലകളിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ അഭാവമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കേരളത്തിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും ചുരുങ്ങിയത് 5 എണ്ണത്തിൽ കുറയാതെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഇ.വി.ചാർജ്ജിംഗ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലാ കളക്ടർമാർക്കും അതത് ജില്ലകളിലെ ഗവൺമെന്റ് സ്ഥാപന പരിസരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തും റിപ്പോർട്ടും കെ.എസ്.ഇ.ബി.എൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ടൂറിസം മേഖലയിൽ അനുയോജ്യമായ സ്ഥലം നിർദ്ദേശിക്കപ്പെടുകയും ഫണ്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്.<br><br>കൂടാതെ വാഷ് റൂം, കഫറ്റേരിയ എന്നീ സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങൾ ലഭ്യമായാൽ ചാർജിംഗ് സ്റ്റേഷൻ അനെർട്ട് മുഖേന സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ